(ബി) അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്ന കാര്യത്തിൽ ചർച്ചകളും മറ്റും നടത്തിവരുന്നു.

(സി)&(ഡി) സ്വകാര്യ പങ്കാളിത്തത്തെയും അടിസ്ഥാന സൗകര്യങ്ങളെയും സംബന്ധിച്ച് തീരുമാനത്തിനനുസൃതമായിട്ടേ ഇക്കാര്യങ്ങൾ തീരുമാനിക്കുവാൻ കഴിയൂ.

*(ചോദ്യോത്തരങ്ങൾ കഴിഞ്ഞു. )*

മി. സ്പീക്കർ : ഈ ചോദ്യോത്തരങ്ങളിൽ സ്റ്റാർഡ് ചോദ്യങ്ങൾ ദിവസവും, ഇപ്പോൾ 30 എണ്ണം ഉണ്ട്, വളരെ സ്ട്രിക്ട് ആയി പോയതു കൊണ്ടാണ് മൂന്ന് ചോദ്യങ്ങൾക്ക് എങ്കിലും ഫ്ളോറിൽ മറുപടി പറയാൻ കഴിഞ്ഞത്. അല്ലെങ്കിൽ രണ്ടെണ്ണമേ വരികയുള്ളൂ. സപ്ലിമെന്ററിയുൾപ്പെടെ വളരെ സ്ട്രിക്ട് ആയി പോയതുകൊണ്ടാണ്. (ബഹളം).....

അപ്പോൾ മനസ്സിലായില്ലേ, അതെ അതുകൂടി ചെയ്താൽ ഒരു ചോദ്യമേ സഭയിൽ വരികയുള്ളൂ, അതാണ് ഞാൻ പറയുന്നത്, അങ്ങേയ്ക്കു വേണ്ടി കൂടി പറയുകയാണ്. അതുകൊണ്ട് ഞാൻ കഴിഞ്ഞ ദിവസവും ഒരു നിർദ്ദേശം വച്ചു, ഒരു മണിക്കൂർ, ചോദ്യോത്തരവേള, എങ്ങനെ ഫലപ്രദമായി ഉപയോഗിക്കാം എന്നുള്ളത് ഒന്ന് ആലോചിക്കണം. ഞാൻ വച്ച സജഷൻ പരമാവധി ചോദ്യങ്ങൾ ഫ്ളോറിൽ വരണം, എന്നാലേ പ്രയോജനമുള്ളൂ. അല്ലെങ്കിൽ ഇങ്ങനെ വരും അച്ചടിച്ച് പോകും, അത്രയേ ഉള്ളൂ. അപ്പോൾ ഒരു ചോദ്യത്തിന് ഒരു പത്തു മിനിട്ട്, ഏറിയാൽ 15 മിനിട്ട് അതിൽ കൂടരുത്, അങ്ങനെയായാൽ ഒരു നാലോ, അഞ്ചോ ആറോ, ചോദ്യങ്ങൾ വരും. നമുക്ക് ആലോചിക്കാവുന്ന ഒരു കാര്യമാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, ഇത് നമുക്ക് വളരെ പെട്ടെന്ന് തീരുമാനിക്കാവുന്ന വിഷയമല്ല, ഒരു ചർച്ച വേണ്ടതാണ്. ഹൗസിൽ ഇങ്ങനെ അവസാന ഡിസിഷൻ എടുക്കുന്നതിനേക്കാൾ നല്ലത്, ആലോചിച്ചു തീരുമാനിക്കുന്നതാണ്. സപ്ലിമെന്ററി ചോദ്യങ്ങൾ ചോദിക്കേണ്ട വിഷയമുണ്ട്, അത് വളരെ ഇംപോർട്ടന്റാണ്. കൂടുതൽ ചോദ്യങ്ങൾ വരികയും വേണം. അതിന് എന്താണ് മാർഗ്ഗം? അല്ലാതെ 10 മിനിട്ട്, പതിനഞ്ച് മിനിട്ട്, എന്നു പറഞ്ഞാൽ .... ചിലപ്പോൾ കസ്റ്റ്യൻസ് ഒക്കെ വളരെ പ്രധാനപ്പെട്ടതായിരിക്കും, അതുപോലെ പല പ്രശ്നങ്ങളും ബന്ധപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ നമുക്ക് ഏതെങ്കിലും ഒരു ദിവസം ചർച്ച ചെയ്തു തീരുമാനം എടുക്കുകയായിരിക്കും നല്ലത്.

മി. സ്പീക്കർ : തീരുമാനം എടുക്കുകയല്ല, ഞാൻ ഒരു നിർദ്ദേശം വച്ചതാണ്.

ശ്രീ. എ.കെ. ആന്റണി : ആ നിർദ്ദേശം വച്ചതുകൊണ്ട് പറഞ്ഞതാണ്. ഇവിടെയിരുന്ന് പെട്ടെന്ന് ഒരു തീരുമാനം എടുക്കാൻ പറ്റുന്നതല്ല.

മി. സ്പീക്കർ : താങ്ക്യൂ, ആലോചിക്കാം. അതുപോലെതന്നെ സെഷൻ തുടങ്ങിയിട്ട് രണ്ടാഴ്ച കഴിഞ്ഞിരിക്കുകയാണ്. ഞാൻ ഫസ്റ്റ് വീക്കിലേയും സെക്കന്റ് വീക്കിലേയും ചോദ്യോത്തരങ്ങൾ പരിശോധിച്ചു. പരിശോധിച്ചപ്പോൾ ആദ്യമൊക്കെ ചർച്ചയിൽപ്പെട്ട വിഷയമായതുകൊണ്ട് പറയുകയാണ്. വളരെ നല്ല ഇംപ്രൂവ്മെന്റ് ആണ് ചോദ്യോത്തരങ്ങളുടെ കാര്യത്തിൽ ഉണ്ടായിട്ടുള്ളത്, ആ ഫസ്റ്റ് വീക്കിലെ ചോദ്യങ്ങൾക്ക് സമയത്തുതന്നെ, ഒരു ദിവസം കഴിഞ്ഞപ്പോൾ, എല്ലാ ചോദ്യങ്ങൾക്കും ഉത്തരം ലഭിച്ചിരുന്നു. സെക്കന്റ് വീക്കിലേയും ഞാൻ നോക്കി, സെക്കന്റ് വീക്കിൽ 2/7/'99 വരെയുള്ള, കഴിഞ്ഞ വെള്ളി

LIBRARY ARCHIVES Kerala Legislative Assembly

യാഴ്ചവരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നൽകിയെന്നുള്ളതാണ് പൊതുവിൽ ലഭിച്ചിട്ടുള്ളത്. വിവരം ശേഖരിച്ചുവരുന്നു എന്ന കാര്യവും പരിശോധിച്ചു. അത് ഞാൻ നോക്കിക്കൊണ്ടിരിക്കുകയാണ്. അതിൽ കുറെയേറെ വിവരങ്ങൾ ശേഖരിക്കാൻ നിർവ്വാഹമില്ലാത്തത് ഉണ്ട്, അല്ലാത്തതും ഉണ്ടാകാം. അക്കാര്യത്തിൽകൂടി നമുക്ക് ഒരു ശ്രദ്ധപതിപ്പിക്കാൻ കഴിഞ്ഞാൽ നല്ല ഇംപ്രൂവ്മെന്റ് അക്കാര്യത്തിൽ ഉണ്ടാകും. ഗുണപരമായ ഒരു മാറ്റം ചോദ്യോത്തരത്തിൽ നമുക്ക് ഉണ്ടാക്കാൻ കഴിയുമെന്നാണ് എന്റെ പ്രതീക്ഷ.

ഇന്ന് റൂൾ 50 അനുസരിച്ചുള്ള ഒരു നോട്ടീസ് കിട്ടിയിട്ടുണ്ട്. കേരള സർവ്വകലാശാലയിലെ സംഭവങ്ങൾ സംബന്ധിച്ചാണ് അത്. രണ്ടാം തീയതി നടന്ന സംഭവമാണെങ്കിലും തുടരുകയാണ്. അത് പ്രധാനപ്പെട്ട പ്രശ്നമായിട്ട് ഇവിടെ ഉന്നയിക്കാം. അതിൽ രണ്ടു ഭാഗമുണ്ട്. ഒരു ഭാഗം മറുപടി പറയേണ്ടത്, വിദ്യാഭ്യാസമന്ത്രിയാണ്. മറ്റൊന്ന് പറയേണ്ടത് മുഖ്യമന്ത്രി. വിദ്യാഭ്യാസമന്ത്രിക്ക് ഇതു സംബന്ധിച്ച് ഒരു സബ്മിഷൻ തന്നെ ഉൾപ്പെടുത്തി കൊടുത്തിട്ടുണ്ട്. അത് നമുക്ക് പ്രധാനപ്പെട്ട പ്രശ്നമായി പരിഗണിക്കാം. ഓർഡർ.... ഓർഡർ.....

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, തലസ്ഥാന നഗരിയിൽ നടന്ന വളരെ ഗുരുതരമായ പ്രശ്നമാണ്. ആ പ്രശ്നം നമ്മൾ അടിയന്തിരപ്രമേയമായിട്ട് ചർച്ച ചെയ്തില്ലെങ്കിൽ അടിയന്തിരപ്രമേയം എന്തിനാണ് സാർ? യൂണിവേഴ്സിറ്റി ആഫീസിന് അകത്തുകയറി അവിടത്തെ ജീവനക്കാരെ മുഴുവൻ ഒരു വിഭാഗം ആൾക്കാർ മർദ്ദിച്ചതിനെക്കുറിച്ച്-- അത് തലസ്ഥാനത്ത് നടക്കുകയാണ്. അതുപോലുള്ള സംഭവങ്ങൾ കേരളത്തിൽ റിപ്പീറ്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. അപ്പോൾ ഈ സംഭവം ഈ സഭയിൽ അടിയന്തിരപ്രമേയമായി ചർച്ച ചെയ്യേണ്ട, അത് സബ്മിഷനായിട്ടാണോ പോകുന്നത്? വെള്ളിയാഴ്ചയ്ക്കുശേഷം ആദ്യത്തെ ദിവസമാണ്, വെള്ളിയാഴ്ചയാണ് സംഭവം ഉണ്ടായത്, ശനിയും ഞായറും അവധിയായിരുന്നു. അതിനു ശേഷമുള്ള ഫസ്റ്റ് ഡേയാണ്. അടിയന്തിരപ്രമേയമായിട്ടാണ് ഈ വിഷയം അവതരിപ്പിച്ചില്ലെങ്കിൽ പിന്നെ അടിയന്തിരപ്രമേയത്തെക്കുറിച്ചുള്ള സങ്കൽപ്പമേ മാറിപ്പോകും. ഇത് ഗൗരവമായ പ്രശ്നമാണ്. ഇത് ഒരു സബ്മിഷന്റെ പ്രശ്നമല്ല. കാരണം കേരളാ യൂണിവേഴ്സിറ്റി ഓഫീസിൽ നടന്ന ഈ സംഭവം ഈ സംസ്ഥാനത്തെ ജനങ്ങളെ മുഴുവൻ ഞെട്ടിപ്പിച്ച സംഭവമാണ്. അത് ഒരു അടിയന്തിരപ്രമേയമായിട്ട്.... ജീവനക്കാരെ പുറത്തുള്ള ആൾക്കാർ മർദ്ദിക്കുകയാണ്. ഇത് ഉന്നയിക്കാൻ ആണ് അടിയന്തിരപ്രമേയം. വനിതാ ജീവനക്കാരടക്കം ഇന്ന് ആശുപത്രിയിലാണ്. ഞാൻ മുഖ്യമന്ത്രിയായിരുന്ന അവസരത്തിൽ ഇതുപോലുള്ള ഒരു സംഭവമുണ്ടായിട്ട് എത്രദിവസം ഈ സഭ സ്തംഭിച്ചു എന്നറിയാമോ? ഒരു വനിതാ ജീവനക്കാരി മരിച്ചു എന്ന് റൂമർ പരത്തി ഈ സഭ എത്ര ദിവസം സ്തംഭിച്ചു എന്നറിയാമോ? വനിതാ ജീവനക്കാരിവരെ ഗുരുതരാവസ്ഥയിൽ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കിടക്കുകയാണ്. ഇത്രയും ഗുരുതരമായ പ്രശ്നം അടിയന്തിരപ്രമേയമായി സംസാരിക്കണ്ടേ സർ?

മി. സ്പീക്കർ : ബഹുമാനപ്പെട്ട നേതാവ് പറഞ്ഞതിന്റെ ഗൗരവം വളരെ കുറച്ചു കാണുകയല്ല. ഞാൻ സൂചിപ്പിച്ചത് രണ്ടാം തീയതി നടന്ന സംഭവം ഉന്നയിക്കാൻ ഇന്നേ അവസരമുള്ളൂ എന്നുള്ളത് കറക്ട്, ആ ഭാഗം ഞാൻ അഡ്മിറ്റ് ചെയ്യുന്നു. അതുമാത്രമാണ് ഉള്ളത്. രണ്ടാം തീയതി നടന്ന സംഭവമായതുകൊണ്ടും, (ബഹളം)..... പ്ലീസ് പ്ലീസ് അതൊന്നുമില്ല,

LIBRARY ARCHIVES Kerala Legislative Assembly

അതൊക്കെ That is immaterial അതൊക്കെ നോക്കാം, അതൊക്കെ നിയന്ത്രണത്തിലാണ്, അമ്മാതിരി കാര്യങ്ങളിലൊന്നും അംഗങ്ങൾ ദയവുചെയ്ത് ഇടപെടരുത്. അതൊക്കെ നോക്കാം That is immaterial അതിൽ പ്രശ്നമില്ല. അതൊക്കെ നമ്മുടെ കൺട്രോളിലാണ്. വേറെയാർക്കും ഒന്നും ചെയ്യാൻ കഴിയുകയില്ല. പ്ലീസ് ശ്രീ. ടി.കെ.. പറഞ്ഞതുകൊണ്ടാണ് പറഞ്ഞത്, ഞാൻ അതാണ് സൂചിപ്പിച്ചത്. രണ്ടാം തീയതി നടന്ന സംഭവം, ഇന്ന്, അഞ്ചാം തീയതി സഭ സമ്മേളിക്കുന്നു എന്നുള്ളതുകൊണ്ടുമാത്രം ആ ഒരു ആസ് പെക്ട് വച്ചുകൊണ്ടാണ്, പ്രശ്നത്തിന്റെ ഗൗരവം കുറച്ചു കണ്ടതുകൊണ്ടല്ല. ദയവു ചെയ്ത് ക്ഷമിക്കുക, ഇവിടെ പ്രശ്നം ഒരു അടിയന്തിരപ്രമേയത്തിന്റെ സ്വഭാവത്തിൽ തന്നെ ഉന്നയിക്കണം എന്ന് (ബഹളം)... ഇവിടെ സൂചിപ്പിച്ചതുകൊണ്ടാണ്, പ്ലീസ്, പ്ലീസ് അതിൽ ചർച്ചയൊന്നും വേണ്ട, പ്ലീസ് ഹിയർ മി.... നോട്ടീസ് മെൻഷൻ ചെയ്യുന്നു.

## II. അടിയന്തിരപ്രമേയം

### കേരള സർവ്വകലാശാല ജീവനക്കാരുടെ പ്രകടനത്തോട് അനുബന്ധിച്ച് നടന്നതായി പറയപ്പെടുന്ന അക്രമസംഭവം

മി. സ്പീക്കർ : 2/7/'99 - ൽ കേരള സർവ്വകലാശാല ജീവനക്കാരുടെ പ്രകടനത്തിനുനേരെ എസ്.എഫ്.ഐ., ഡി.വൈ.എഫ്.ഐ. പ്രവർത്തകർ നടത്തിയതായി പറയപ്പെടുന്ന അക്രമത്തിൽ നിരവധി ജീവനക്കാർക്ക് ഗുരുതരമായി പരിക്കേറ്റതിനെത്തുടർന്ന് ഉണ്ടായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. ബി. വിജയകുമാർ, ശ്രീ. കുട്ടി അഹമ്മദ് കുട്ടി, ശ്രീ. സി. എഫ്. തോമസ്, ശ്രീ. ജോണി നെല്ലൂർ, എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ചട്ടം അൻപത് അനുസരിച്ച് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) സ്പീക്കർ സർ, കേരളാ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നടന്ന ചില നിയമനങ്ങളിൽ ക്രമക്കേടുകൾ നടന്നു എന്ന ആരോപണത്തെ തുടർന്ന് യൂണിവേഴ്സിറ്റി അധികൃതരുമായി നടത്തിയ ചർച്ചയിലെ തീരുമാനങ്ങൾ നടപ്പിലാക്കിയില്ല എന്ന് ആരോപിച്ചുകൊണ്ട് യൂണിവേഴ്സിറ്റി ഐക്യവേദിയിൽപ്പെട്ട ചില ജീവനക്കാർ 24-6-99-ന് സിൻഡിക്കേറ്റ് യോഗം നടന്നുകൊണ്ടിരിക്കുന്ന ഹാളിലേയ്ക്ക് തള്ളിക്കയറി യോഗം അലങ്കോലപ്പെടുത്തി. ഇതു സംബന്ധിച്ച യൂണിവേഴ്സിറ്റി രജിസ്ട്രാറുടെ പരാതിപ്രകാരം കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം 56/309-ാം നമ്പരായി ഒരു കേസ്സ് രജിസ്റ്റർ ചെയ്തു. ഈ സംഭവവുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റി ജീവനക്കാരായ ശശികുമാർ, ദത്തൻ എന്നിവരെ സിൻഡിക്കേറ്റ് തീരുമാനപ്രകാരം സസ്പെൻഡ് ചെയ്തു. സസ്പെൻഷൻ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു വിഭാഗം ജീവനക്കാർ സ്റ്റേ ഇൻ സ്ട്രൈക്ക് ആരംഭിക്കുകയും 29/6/'99 - മുതൽ യൂണിവേഴ്സിറ്റി ആഫീസ് ക്യാമ്പസിനകത്ത് ധർണയും പ്രകടനവും നടത്തിവരികയുമാണ്.

സർ, 2/7/'99 ന് ഒരു വിഭാഗം ജീവനക്കാർ യൂണിവേഴ്സിറ്റി ആഫീസിന്റെ പ്രധാന കവാടത്തിന് മുന്നിലായി മുദ്രാവാക്യം വിളിച്ചുകൊണ്ടിരിക്കേ ഉദ്ദേശം 11 മണിയോടുകൂടി സമരംമൂലം വിദ്യാർത്ഥികൾ അനുഭവിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly